അന്യസംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷൻ

207 (1912) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന അന്യസംസ്ഥാനത്തൊഴിലാളികൾ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ പേരും വിലാസവും മറ്റ് രേഖകളും രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശം ആഭ്യന്തര വകുപ്പ് എന്നാണ് നല്കിയതെന്നും അതിനുശേഷം ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയവർ എത്ര എന്നും വർഷം തിരിച്ച് വിശദാംശം നല്കുമോ ;

(ബി) ഇത്തരം നിർദ്ദേശം ലംഘിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് ആഭ്യന്തര വകുപ്പ് പരിശോധിച്ചുവോ ; എങ്കിൽ 2011 -12 മുതൽ 2015-16 വരെയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവർക്ക് പോലീസ് വകുപ്പ് എന്തെങ്കിലും ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് എന്ത് നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ;

(ഡി) അന്യസംസ്ഥാന തൊഴിലാളികളിൽ സംസ്ഥാനത്താകമാനം കവർച്ച/കൊലപാതകം/സംഘട്ടന കൊലപാതകം/മറ്റ് ക്രിമിനൽ പ്രവർത്തനങ്ങൾ/ രോഗസംക്രമണം തുടങ്ങിയ ക്രിമിനൽ പശ്ചാത്തലം ഉള്ളവരുണ്ട് എന്നത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; ഇത്തരം പ്രവൃത്തികൾ തടയുവാനായി അന്യസംസ്ഥാന തൊഴിലാളികൾക്ക് സംസ്ഥാന പോലീസ് വകുപ്പ് ഐഡന്റിറ്റി കാർഡ് നൽകുവാനും ഇത് വാങ്ങാത്തവരെ സംസ്ഥാനത്തിന് പുറത്താക്കി ഇത്തരം നിയമ ലംഘന പ്രവർത്തനങ്ങൾ തടയുവാനും എന്ത നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇത്തരമൊരു നിർദ്ദേശം 5-11-2009-ൽ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം രജിസ്ട്രേഷൻ നടത്തിയവരുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ കൊടുത്തിരിക്കുന്നു :

2011	-	16745
2012	-	29791
2013	-	35800
2014	-	37510
2015	-	23085

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമകളുമായി ബന്ധപ്പെട്ട് വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിലാസവും മറ്റ് വിവരങ്ങളും അതാത് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും, അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ് എന്നുമുതൽ ജോലി ചെയ്യുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും പുതുതായി ആളുകൾ സ്ഥിരമായ തൊഴിലുകൾക്കായി വരുമ്പോൾ അവരുടെ വിവരങ്ങൾ രജിസ്റ്ററിൽ കൂട്ടിച്ചേർക്കാറുണ്ട്. പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറെയാണ് ഇക്കാര്യങ്ങൾക്ക് ചുമതലപ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോയെന്ന് പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) ആഭ്യന്തര വകുപ്പ് ഇത്തരം തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടില്ല. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഒപ്പ്, ഫിംഗർപ്രിന്റ്, പൂർണ്ണമായ മേൽവിലാസം, ഫോട്ടോ, തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും എന്നിവ സഹിതമുള്ള പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചുവരുന്നു. കൂടാതെ ഇത്തരം തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ പ്രത്യേക പട്രോളിംഗ്/beat ഡ്യൂട്ടി നടത്തി ഇവരെ നിരീക്ഷിക്കുന്നുണ്ട്.

(ഡി) അന്യസംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനുവേണ്ടി നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പോലീസ് ശുഭയാത്ര 2015

208 (1913) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ശുഭയാത്ര 2015 എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly